## പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.911 | 25.01.2018 ന് മറുപടിയ്ക്ക്.

## കാട്ടുമൃഗങ്ങളുടെ ആക്രമണം തടയാൻ റാപ്പിഡ് ഫോഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, കോടശ്ശേരി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ കാട്ടുമൃഗങ്ങളുടെ നിരന്തരമായ ആക്രമണം മൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും, നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ചാലക്കുടി മണ്ഡലത്തിൽ അതിരപ്പള്ളി, കോടശ്ശേരി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങൾ ഉൾപ്പെടെ കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനായി താഴെ പറയുന്ന വിവിധ പ്രതിരോധ മാർഗ്ഗങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.<br>1. ചാലക്കുടി ഡിവിഷനിൽ 2016-17 വരെ വെള്ളികുളങ്ങര, പരിയാരം റെയിഞ്ചുകളിലായി 25.05 കി.മീ സൗരോർജ്ജ വേലിയും ഈ വർഷം പുതിയതായി ടി രണ്ടു റെയിഞ്ചുകളുടെ അധികാര പരിധിയിൽ 20 കി.മീ ദൂരത്തിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനും, 3.6 കി.മീ സൗരോർജ്ജ വേലിയുടെ അറ്റകുറ്റപ്പണികൾക്കും നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>2. വാഴച്ചാൽ ഡിവിഷൻ അധികാരപരിധിയിൽ 2016-17 വരെ 14.45 കി.മീ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നതാകയാൽ ആന പ്രതിരോധ ഭിത്തി, റെയിൽ ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br>3. വന്യമൃഗങ്ങൾക്ക് കുടിവെള്ളം കാട്ടിൽത്തന്നെ ലഭ്യമാക്കുവാൻ വനത്തിനകത്ത് 38 കുളങ്ങളും ചെക്ക്ഡാമുകളും നിർമ്മിച്ചിട്ടുണ്ട്.<br>4. വനത്തിനടുത്തുള്ള കൃഷിസ്ഥലങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള ഫലങ്ങൾ കൃഷി ചെയ്യാതിരിക്കാനുള്ള ബോധവൽക്കരണം ടി മേഖലയിലെ കർഷകർക്ക് നൽകുന്നുണ്ട്.<br>5. വന്യജീവി ആക്രമണം മൂലം കർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980 ലെ കേരള റൂൾസ് ഫോർ കോമ്പൻസേഷൻ റ്റു ദി വിക്ടിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്കിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു. |

(ബി) ഈ മേഖലയിൽ കാട്ടാനക്കൂട്ടം അടക്കമുള്ള വന്യമൃഗങ്ങളുടെ നിരന്തരമായ ആക്രമണങ്ങൾ തടയുന്നതിനായി റാപ്പിഡ് ഫോഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) ഈ മേഖലയിൽ റാപ്പിഡ് ഫോഴ്സ് നിലവിലില്ല. അടിയന്തിര സാഹചര്യങ്ങൾ ഉണ്ടായാൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ